(ഇ) ഉണ്ട്.

(എഫ്) പുത്തൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങേണ്ട ആവശ്യം ഇപ്പോൾ ഇല്ലാ എന്ന് അന്വേഷണത്തിൽ മനസ്സിലായതിനാൽ മേൽ നടപടികൾ സ്വീകരിച്ചില്ല.

ആർ. എസ്. എസ്.-ന്റെ ആക്രമണം

655 [948] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 ജനുവരിക്കുശേഷം ആർ. എസ്. എസ്.-ന്റെ ആക്രമണത്തിൽ പെട്ട് കേരളത്തിൽ എത്ര പേർ മരിച്ചു;

(ബി) അവരുടെ പേരുകളും രാഷ്ട്രീയ പാർട്ടിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) നാല്.

(ബി)

	പേര്	രാഷ്ട്രീയപാർട്ടി
(1)	കൃഷ്ണപിള്ള	സി. പി. എം.
(2)	രാജു മാസ്റ്റർ	ടി
(3)	പവിത്രൻ	ടി
(4)	വർഗ്ഗീസ്	ഒരു രാഷ്ട്രീയ പാർട്ടിയിലും പെട്ട ആളല്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

656 [949] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞവർഷംനടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ആർ. എസ്. എസ്. കാരുടെ ആക്രമണത്തിന് വിധേയരായി മരണപ്പെട്ടവർ എത്ര പേരുണ്ട്?

ഉത്തരം

3 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോറം

657 [950] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പോലീസ് ഉദ്യോഗസ്ഥൻമാർക്ക് റെഡിമെയ്ഡ് യൂണിഫോറം നൽകുന്നതിനു പകരം അവർക്ക് തുണിയും തയ്യൽക്കൂലിയും നൽകുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ;

(ബി) ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന പരുക്കൻ തുണിക്കു പകരം ടെറിക്കോട്ടൺ തുണി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇങ്ങനെയൊരു നിർദ്ദേശം ഗവൺമെൻറ് പരിശോധിച്ചു വരുന്നുണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഈ നിർദ്ദേശം ഇപ്പോൾ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല.

അഴിമതി നിരോധനനിയമപ്രകാരം ചാർജ് ചെയ്ത കേസുകൾ

658 [951] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിരോധന നിയമപ്രകാരം കഴിഞ്ഞ വർഷം ഗവൺമെൻറ് എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ബി) വകുപ്പു തിരിച്ചുള്ള കണക്കെത്ര;

(സി) എത്രപേരെ സർവ്വീസിൽനിന്നും നീക്കം ചെയ്തു?

ഉത്തരം

(എ) അഴിമതി നിരോധന നിയമപ്രകാരം 1978-ൽ 23 കേസുകൾ തൃശ്ശൂർ സ്പെഷ്യൽ ജഡ്ജിന്റെ കോടതി മുൻപാകെ ചാർജ് ചെയ്തിട്ടുണ്ട്.

(ബി) വകുപ്പുതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

(1)	മൃഗസംരക്ഷണം	1
(2)	സഹകരണവകുപ്പിനു കീഴിലുള്ള സഹകരണ സംഘങ്ങൾ	7
(3)	സിവിൽസപ്ലൈസ്	2
(4)	ഡയറി ഡവലപ്മെൻറ്	1
(5)	വിദ്യാഭ്യാസം	1
(6)	ഫിഷറീസ്	1
(7)	ഗവൺമെൻറ് പ്രസ്	1
(8)	കേരള ഇലക്ട്രിസിറ്റി ബോർഡ്	1
(9)	ഹെൽത്ത് സർവ്വീസ്	1
(10)	കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ	4
(11)	പൊതുമരാമത്ത്	1

LIBRARY ARCHIVES Kerala Legislative Assembly